**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1447** **14-03-2022 - ൽ മറുപടിയ്ക്ക്**

**കയത്തങ്കാട് കോളനിയിൽ താമസിക്കുന്നവർക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ നിയോജകമണ്ഡലത്തിലെ എലവഞ്ചേരി വില്ലേജിലുള്ള കയത്തങ്കാട് കോളനിയിൽ താമസിക്കുന്നവർക്ക് നാളിതുവരെയായി പട്ടയം ലഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പട്ടയത്തിനായി കോളനിക്കാർ സമർപ്പിച്ച അപേക്ഷയിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | പട്ടയത്തിനായി കോളനിക്കാർ സമർപ്പിച്ച അപേക്ഷയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് വില്ലേജ് രേഖകൾ പരിശോധിച്ചപ്പോൾ അപേക്ഷകർ ആവശ്യപ്പെടുന്ന വസ്തു ബി.റ്റി. ആർ പ്രകാരം മുൻ ജന്മി പേരിലാണ്. പഞ്ചായത്ത് വിവിധ കക്ഷികളിൽ നിന്നും ഭൂമി വിലക്ക് വാങ്ങി ഭൂരഹിതർക്ക് വിതരണം ചെയ്യുകയും എന്നാൽ കൈമാറ്റ രേഖകൾ കൃത്യമായി സൂക്ഷിക്കാതിരിക്കുകയും ചെയ്യുന്ന കേസുകളിലാണ് ഇത്തരം അവസ്ഥ. ഇതു പരിഹരിക്കുന്നതിനായി വിഷയം റവന്യൂ സെക്രട്ടേറിയറ്റിന്റെ പരിഗണനക്ക് സമർപ്പിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു. തുടർന്ന് ടി ഭൂമികൾ തരിശാക്കി മാറ്റി പട്ടയം നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളടങ്ങിയ വിശദമായ ശുപാർശ തയ്യാറാക്കി സമർപ്പിക്കാൻ ലാന്റ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറക്ക് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ഈ വിഷയം ചർച്ച ചെയ്യുന്നതിന് ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുമായും സെക്രട്ടറി തലത്തിലും ഒരു യോഗവും നിശ്ചയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത കോളനിയിൽ താമസിക്കുന്ന എത്ര പേർക്കാണ് നിലവിൽ പട്ടയം ഇല്ലാത്തതെന്നും ഇവർക്ക് എന്ന് പട്ടയം നൽകാൻ കഴിയുമെന്നും വിശദമാക്കുമോ? | (സി) | 17 പേരുടെ അപേക്ഷകളാണ് കോളനിയിൽ നിന്നും ലഭിച്ചിട്ടുള്ളത്. ടി സ്ഥലം പുറമ്പോക്കാക്കി രേഖകളിൽ മാറ്റി നിയമാനുസൃതമായ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പട്ടയം നല്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ